

# സ്വസ്തി

മഞ്ഞുമ്മൽ അമലോത്ഭവ മാതാ ഇടവക വാർത്ത പത്രിക | 2025 ജൂലൈ - ഓഗസ്റ്റ്



## യുവജനങ്ങളും കേരളസഭയും



# സ്മരണാഞ്ജലി

ദൈവ സന്നിധിയിൽ





## 25-ാം ചരമവാർഷികം

## കെ. എൽ. ആന്റണി
## കോയ്മക്കാട്

01-01-1930 07-10-2000





## 23-ാം ചരമവാർഷികം

## അന്ന ആന്റണി
## കോയ്മക്കാട്

15-08-1938 16-10-2003



# സ്വസ്തി

2025 ജൂലൈ– ആഗസ്റ്റ്

രക്ഷാധികാരി
**റവ. ഫാ. അഗസ്റ്റിൻ സ്റ്റീജൻ കണക്കശ്ശേരി ഒ.സി.ഡി.**

ചീഫ് എഡിറ്റർ
**ജയ്സൺ റ്റി.ജോൺ തെക്കെവിള**

മാനേജിംഗ് എഡിറ്റർ
**ഫിലോമിന ജോഷി**

പത്രാധിപസമിതി
**ജോസ് ഡിക്സൻ കെ.എക്സ്.**
**ഫ്രാൻസിസ് ഡിക്രൂസ്, ആന്റണി രാജു**
**റീന ബെനഡിക്ട്, ജിനി ബാറ്റൺ,**
**ഷാൾട്ടൻ കൊറയ, ജോയൽ ജോണി**

ഉപദേശക സമിതി
**റവ. ഫാ. ആൽബിൻ തോമസ് ഒ.സി.ഡി.**
(സഹവികാരി)
**കെ.ജെ. ബെനഡിക്ട്**
(ലീഡർ, ഫാമിലി യൂണിറ്റ്
കേന്ദ്ര നിർവ്വാഹക സമിതി)
**ജിപ്സൻ സിക്കേര**
(ചീഫ് ഫോട്ടോഗ്രാഫർ, ദി ടൈംസ് ഓഫ് ഇന്ത്യ)



## അകത്താളുകളിൽ

എഡിറ്റോറിയൽ

ഇടയമൊഴി

ജപമാല കുടുംബങ്ങളുടെ സംരക്ഷണക്കോട്ട

**യുവജനങ്ങളും കേരളസഭയും**
മാതാവിന്റെ ഭവനസന്ദർശനം

വിജയം സമ്മാനിച്ചത്
പ്രാർഥനയും പഠനവും

തിരുവചനത്തിന്റെ ഓമനപുത്രൻ



Layout : **L.F. Press, Manjummel**
Cover Design : **Fr. Albin Thomas OCD**

## എഡിറ്റോറിയൽ





# ദീപ്ത യൗവനങ്ങൾക്ക്...

**ശു**ഭകരമായ ജീവിതത്തിനു ആത്മീയത അനിവാര്യമാണ്. എന്നാൽ കത്തോലിക്കാ യുവാക്കളുടെ ആത്മീയകൃപ പള്ളി പരിസരങ്ങളിൽ ഒതുങ്ങാതെ പൊതുസമൂഹത്തിൽ പ്രകടമാകേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. കാരണം, ഇത് സമൂഹത്തിന്റെ ആവശ്യമായി മാറിക്കഴിഞ്ഞു. കരുണയും ദയയും സഹാനുഭൂതിയുമെല്ലാം അന്യമാവുന്നു എന്ന പൊതുവായുള്ള ആശങ്ക ഇല്ലാതാക്കാൻ നമ്മുടെ യുവജനങ്ങൾ കൂടുതലായി പരിശ്രമിക്കേണ്ടിയിരിക്കുന്നു. അപ്പോഴും കേരളം കണ്ട മഹാപ്രളയ കാലത്തും കോവിഡ് കാലത്തും കത്തോലിക്കാ യുവജന സംഘടനകൾ എന്ത് ചെയ്തു എന്ന് വിലയിരുത്തുന്നതും നല്ലതായിരിക്കും. ഈ ഘട്ടത്തിൽ നിസ്വാർത്ഥമായ ഊർജസ്വലത മുഖമുദ്രയാക്കി വർത്തിക്കേണ്ടത് കത്തോലിക്കന്റെ കടമയാണ്. യുവാക്കളിൽ ഈ ദൗത്യം കൂടുതൽ പ്രസാദചൈതന്യത്തോടെ പ്രത്യക്ഷമാകും. വിദ്യാഭ്യാസ മണ്ഡലത്തിൽ ഓരോ തലമുറയും മുൻ തലമുറയെക്കാൾ മുന്നേറുന്നത് ആശ്വാസകരമാണ്. രാഷ്ട്രീയത്തിലും മാധ്യമ പ്രവർത്തന മേഖലയിലും സന്മാർഗ്ഗ നിഷ്ഠരായ നമ്മുടെ യുവാക്കൾ കൂടുതൽ ശ്രദ്ധപതിപ്പിക്കണം.

മാറുന്ന കാലം പുതുതായി ഉത്ഭവിക്കുന്ന skills അഥവാ നൈപുണികളുടെയും കാലമാണ്. ഏതുമേഖലയിലും സ്വാധീനം ചെലുത്താവുന്ന എ ഐ, റോബോട്ടിക്സ് തുടങ്ങിയ കട്ടിങ് എഡ്ജ് സാങ്കേതികതകളിൽ നമ്മൾ വൈദഗ്ധ്യം നേടണം. ഒപ്പം അവയിൽ നന്മയുടെ സാധ്യതകൾ കണ്ടെത്തണം.

ആദിമ ക്രൈസ്തവ സഭ വികാസം പ്രാപിച്ചത്, വേദ ഗ്രന്ഥങ്ങൾ പകർന്ന ആവേശത്തിൽ നിന്നു മാത്രമല്ല, ക്രിസ്ത്യാനികളുടെ ജീവിത ശൈലി കണ്ടുള്ള ആകർഷണത്താലുമാണ്. ശോഭയാർന്ന പാതയിലേക്ക് സമൂഹം നയിക്കപ്പെടാൻ കത്തോലിക്കാ യൗവനങ്ങൾ വഴിവിളക്കുകളുമാവണം.

**ജയ്സൺ റ്റി. ജോൺ,**
ചീഫ് എഡിറ്റർ





# ഇടയമൊഴി

*"യുവജനങ്ങളെ, ഞാൻ നിങ്ങൾക്ക് എഴുതുന്നു: നിങ്ങൾ ശക്തൻമാരാണ്. ദൈവത്തിന്റെ വചനം നിങ്ങളിൽ വസിക്കുന്നു;" 1 യോഹന്നാൻ 2 : 14*

യുവജനങ്ങൾ എന്നും കത്തോലിക്കാ സഭയുടെ ശക്തിയാണ്, സമ്പത്താണ്. വിശുദ്ധ ജോൺപോൾ പാപ്പയാണ് യുവജനങ്ങളിലേക്ക് കൂടുതലായി ഇറങ്ങിച്ചെന്നതും അവരുടെ കഴിവുകളെ കുറിച്ചും അവർ ഇന്നത്തെ സമൂഹത്തിൽ എത്രമാത്രം പ്രാധാന്യമർഹിക്കുന്നതെന്ന് എടുത്തു പറയുകയും ചെയ്തത്. ലോക യുവജന ദിനം ആഘോഷിക്കുവാൻ വിശുദ്ധ ജോൺപോൾ പാപ്പ ആഹ്വാനം ചെയ്തതും ഇതിന്റെ വെളിച്ചത്തിലാണ്. ലോകയുവജന ദിനത്തിലൂടെ എന്തുമാത്രം യുവജനങ്ങളാണ് കത്തോലിക്കാ വിശ്വാസത്തിൽ സമൂഹത്തിന്റെ നന്മയ്ക്കായി പ്രവർത്തിക്കാനുള്ള പ്രചോദനമായി കടന്നുവരുന്നത് എന്ന് നമുക്കറിയാം. കേരള കത്തോലിക്കാ സഭയും ലോക യുവജന ദിനത്തെ മാതൃകയാക്കി യുവാക്കൾക്ക് ക്രിസ്തീയ വിശ്വാസം പഠിക്കുവാനും ജീവിക്കുവാനുംവേണ്ടി ഒരു കൂട്ടായ്മ രൂപപ്പെടുത്തേണ്ട സമയം കഴിഞ്ഞിരിക്കുന്നു. കാരണം യുവജനങ്ങളിലേക്ക് ക്രിസ്തീയ വിശ്വാസവും നന്മയും പ്രഘോഷിക്കുവാൻ യുവജനങ്ങൾക്ക് യുവജനങ്ങളേക്കാൾ സ്വാധീനിക്കുന്ന മറ്റു വ്യക്തികളില്ല. ഈ ഡിജിറ്റൽ യുഗത്തിൽ  വിശുദ്ധ കാർലോ അകിറ്റസിന്റെ ജീവിതം നമ്മുടെ യുവജന ങ്ങൾക്ക് എന്നും പ്രചോദനവും സഹായവും ആയിരിക്കും.  അതുപോലെ തന്നെ നമ്മുടെ ഇടയിൽ നിന്ന് വിശ്വാസ ജീവിതം നയിച്ചത് സഹനത്തെ സ്നേഹിച്ചു കൊണ്ട് യാത്രയായ അജ്നാ ജോർജ്ജും എന്നും യുവജന ങ്ങൾക്ക് പ്രചോദനമായിരിക്കും. നമ്മുടെ ഇടവകയിൽ നിന്നും കുടുംബങ്ങളിൽ നിന്നും യേശുവിലേക്കും വിശ്വാസത്തിലേക്ക് നയിക്കുന്ന യുവതി യുവാക്കൾ ധാരാളം ഉണ്ടാകട്ടെ എന്ന് ആശംസിക്കുന്നു.

**ഫാ. സ്റ്റീജൻ കണക്കശ്ശേരി ഒ.സി.ഡി.**
വികാരി





ക്രിസ്തുവിൽ സ്നേഹം നിറഞ്ഞവരെ,

**തോ**ർ വേർഗോത്തയിലെ യുവജന സംഗമത്തിൽ യുവജനങ്ങളോട് പോപ്പ് ലിയോ XIV പാപ്പ പറഞ്ഞു. ക്രിസ്തു നിങ്ങളുടെ ആത്മാവിന്റെ ജാലകത്തെ മൃദുവായി തട്ടിക്കൊണ്ടിരിക്കുകയാണ്. ലോകത്തിനോടൊപ്പം സഞ്ചരിക്കുന്നവരാണ് നാമെല്ലാവരും, പ്രത്യേകിച്ചു യുവജനങ്ങൾ. ലോകത്തിന്റെ ഓരോ വളർച്ചയും ആദ്യം ഏറ്റെടുക്കുന്നതും യുവജനങ്ങളാണ്. പക്ഷെ ഈ ലോകത്തിനൊപ്പം സഞ്ചരിക്കുമ്പോഴും ഈ ലോകത്തെ തിരിച്ചറിയുക എന്നതാണ് വേണ്ടത്. ഒത്തിരി ഓപ്ഷനുകൾ ഉള്ള ഈ കാലഘട്ടത്തിൽ നല്ലത് തിരഞ്ഞെടുക്കുവാനുള്ള MATURITY ആണ് നമ്മൾക്ക് ആവശ്യം. സെപ്തംബർ ഏഴാം തീയതി നമ്മുടെ ലെയോ പാപ്പ വിശുദ്ധരുടെ പദവിയിലേക്ക് ഉയർത്തിയ വിശുദ്ധ കാർലോസ് അകിറ്റസ് 1991-2000 വരെ ഈ കാലഘട്ടത്തിൽ ജീവിച്ച ഒരു വിശുദ്ധനാണ്. ഇന്റർനെറ്റും ക്യാമറയും തുടങ്ങിയ ആധുനിക മാധ്യമങ്ങളിലൂടെ ക്രിസ്തുവിനെ മറ്റുള്ളവരിലേക്ക് എത്തിച്ച സാധാരണ ഒരു ബാലൻ, വിശുദ്ധ ജീവിതം ഈ കാലഘട്ടത്തിൽ അന്യമല്ല എന്ന് നമ്മെ പഠിപ്പിക്കുന്നു. ദൈവത്തെ അന്വേഷിക്കുന്ന, ഈശോയെ സ്നേഹിക്കുന്ന മക്കളാവാം. നിന്നെ മനസിലാക്കുന്ന ദൈവം നിന്റെ ആത്മാവിന്റെ ജാലകത്തിൽ മുട്ടുമ്പോൾ വാതിൽ തുറന്നു കൊടുക്കുന്ന വിശുദ്ധരായ വ്യക്തിത്വത്തിനുടമകളാവാം.

ദൈവം അനുഗ്രഹിക്കട്ടെ.

**ആൽബിനച്ചൻ**
സഹവികാരി

# “ജപമാല” കുടുംബങ്ങളുടെ സംരക്ഷണക്കോട്ട





ഗ്രേയ്സി ലിയോൺസ്
മഠത്തിപ്പറമ്പിൽ

**ആ**ദ്യ മാതാപിതാക്കൾ കൈവെടിഞ്ഞ കൃപയുടെ, പുതിയ സാധ്യതയുമായാണ് ഗബ്രിയേൽ ദൂതൻ കന്യകാമറിയത്തെ സന്ദർശിച്ചത്. കൃപ നിറഞ്ഞവളേ സ്വസ്തി എന്ന അഭിവാദനത്തോടെ, ഇവിടെ ജന്മം കൊണ്ടവരും മൺമറഞ്ഞവരുമായ പുണ്യ വ്യക്തിത്വങ്ങൾ ഉൾപ്പെടെ സകലരുടെയും ആത്മസാഫല്യമായി ദൂതൻ ആ സദ്വാർത്ത അറിയിച്ചു.

അന്ന് ആ പരിപാവന നിമിഷം ഭൂമിയിൽ ജപമാല ആരംഭിക്കുന്നു. ജപമണികളുടെ ആ മഹൽ പ്രയാണം കാൽവരിബലിയിൽ പൂർത്തീകരിച്ച് നരകത്തിനുമേൽ വിജയമാഘോഷിച്ച് തുടരുന്നു. ഈശോ നമുക്ക് നൽകിയ അമ്മ സർവരുടെയും മാതാവും സ്വർഗ്ഗത്തിന്റെ രാജ്ഞിയും ആണെന്ന തിരിച്ചറിവ് ഓരോ ജപമാലയിലും നാം കൂടുതൽ കരുത്തോടെ ഉൽഘോഷിക്കുന്നു! ഇന്ന് വചന സമൃദ്ധിയുടെ കാലമാണ്. ഇന്നത്തെ പോലെ വചനം ശ്രവിക്കാൻ മാധ്യമങ്ങളുടെ സാധ്യതയോ സമ്പൂർണ്ണ വിശുദ്ധ ഗ്രന്ഥമോ പോലും ലഭ്യമല്ലാതിരുന്ന പഴയകാലത്ത് കടുകിട മാറാത്ത വിശ്വാസം കാത്തുസൂക്ഷിച്ച ഒരു മുൻതലമുറ നമുക്ക് ഉണ്ടായിരുന്നു. ത്രിസന്ധ്യാജപവും ജപമാലയും അവരുടെ സായാഹ്നങ്ങളെ പരിപാവനമാക്കിയിരുന്നു. കെടുതിയിലും വറുതിയിലും തകർന്നു പോകാത്ത അവരുടെ വിശ്വാസം വിപരീത സാഹചര്യങ്ങൾ തരണം ചെയ്യുന്തോറും തിളക്കമാർന്നതായിരുന്നു. എന്നാൽ തിരക്കേറിയ ഇന്നത്തെ ജീവിതത്തിൽ മുൻതലമുറ കാത്തുസൂക്ഷിച്ച മൂല്യങ്ങൾ എവിടെയൊക്കെയോ നഷ്ടമാകുന്നില്ലേ എന്ന തോന്നൽ ശക്തമാണ്. സുഖലോലുപത, മദ്യാസക്തി, ജീവിത വ്യഗ്രത (ലൂക്ക. 21:34) എന്നിവ കെണിയായി പതിയിരിക്കുന്നു. ഇവിടെ നേർവഴി കാട്ടാനും

# മാതാവിന്റെ ഭവനസന്ദർശനം

സൂസി സാംസൺ
ഏർണാട്ട്

**ആ**ഗതയായല്ലോ അമ്മകന്യേ
ഓരോ ഭവനത്തിലും ഇരുൾ നീക്കിടുവാൻ
ഉരുകുന്ന മെഴുതിരിപോലെയുള്ളം
അമ്മ കനിവോടെ സാന്ത്വനം നൽകിയല്ലോ.

ഞങ്ങൾ തൻ പാതയിൽ പൊൻ വിളക്കായ്
എന്നും കൃപചൊരിയൂ അമ്മേ അമലോത്ഭവേ
ഈശോതൻ പരിശുദ്ധയാകുമമ്മേ പാരിൽ
നന്മകൾ നിറയ്ക്കുന്ന നാഥ നീയേ.

മഞ്ഞുമ്മൽ എന്നൊരു പുണ്യഭൂവിൽ
വിരിയും സ്വർഗീയ റോസാ പുഷ്പമല്ലോ
നീട്ടിനിൽക്കുന്നൊരു കരതാരിലായ്,
കാത്തുകൊള്ളേണമേ എന്നുമെന്നും.

ഉത്ഭവ പാപങ്ങൾ ഏതുമില്ലാത്തൊരു
നിർമ്മല കന്യേ അമലോത്ഭവേ
അമ്മ തൻ വരവാലെ നേടി ഞങ്ങൾ,
ജപമാല തന്നുടെ ദിവ്യ ശക്തി.



വീഴ്ചകളിൽ നമ്മെ കൈപിടിച്ചുയർത്താനും ഒരു കരം നാം കൊതിക്കുന്നു. കുടുംബത്തിൽ അപ്പൻ സ്നേഹത്തിന്റെ മൂർത്തീഭാവമാണ്. എങ്കിലും എന്തും തുറന്നു പറയുവാൻ നമുക്ക് അമ്മ വേണമല്ലോ? അത് അതീവ പരിശുദ്ധയായ രക്ഷകന്റെ അമ്മ തന്നെയാണെങ്കിലോ? നമ്മുടെ ആശങ്കകൾ ദൂരീകരിക്കപ്പെടുന്നതും ആശ്വാസം സ്വർഗീയമാവുന്നതും പരിശുദ്ധ കന്യകയിലാണ്, ജപമാലയിലാണ്.

വീടുകൾ തോറും ഉള്ള ജപമാല നിരുത്സാഹപ്പെടുത്താനും തടസ്സപ്പെടുത്താനും കെണികൾ ഒരുങ്ങുന്നുണ്ടാവാം.തെറ്റിനെ വലിയ ശരിയാക്കി സമൂഹത്തിൽ സാത്താൻ അവതരിപ്പിക്കുന്നു. എന്നാൽ ദിവ്യമായ വിവേകത്തോടെ വർത്തിക്കാൻ, കുടുംബങ്ങൾക്ക് സംരക്ഷണ കോട്ട കെട്ടാൻ വിശ്വാസ തീക്ഷ്ണതയോടെ നമുക്ക് പരിശുദ്ധ അമ്മയോട് ചേർന്നിരുന്ന് ജപമാലയർപ്പിക്കാം.

●

# യുവജനങ്ങളും കേരളസഭയും





മേരി റോണ റോബിൻ

**വ**ളരെയേറെ പ്രാധാന്യം അർഹിക്കുന്നതും വളരെ അത്യാവശ്യമായി ചിന്തിക്കേണ്ടതുമായ ഒരു വിഷയമാണ് ഇത്. ദൈവവചനമാകുന്ന ബൈബിളിൽ യുവത്വത്തിനു കൊടുത്തിരിക്കുന്ന പ്രാധാന്യം ശ്രദ്ധേയമാണ്. ദൈവം തന്റെ പ്രവൃത്തികൾക്ക് ഉപയോഗിച്ചിട്ടുള്ളത് കൂടുതൽ ഭാഗവും കഴിവും ശേഷിയുമുള്ള യുവജനങ്ങളാണ്. ജോസഫും, ശിമയോനും, സ്നാപക യോഹന്നാനും, യേശുവും, അപ്പോസ്തോലന്മാരും ഒക്കെ ആ നീണ്ട പട്ടികയിലെ ചിലർ മാത്രമാണ്. സഭയുടെ നട്ടെല്ലാണ് യുവജനങ്ങൾ. യുവജനങ്ങൾ തളർന്നാൽ സഭ തളരുന്നു എന്നതാണ് അതിന്റെ അർത്ഥം. അതുകൊണ്ട് ദൈവവചനം യുവജനങ്ങൾക്ക് നൽകിയിരിക്കുന്ന പ്രാധാന്യം നാം ഉൾക്കൊള്ളണം. ഒരു വ്യക്തി ഏറ്റവും സ്നേഹിക്കുന്നതിനെയും അവനുള്ള ഏറ്റവും നല്ലത് ഉത്തമമായതിനെയും ആണ് ദൈവം ചോദിക്കുന്നത്. അത് കൊടുക്കുന്നതാണ് ദൈവത്തെ സ്നേഹിക്കുന്നു എന്നതിന്റെ പ്രകടമായ തെളിവ്. ഒരു വ്യക്തിയുടെ ഏറ്റവും നല്ലതും അവൻ സ്നേഹിക്കുന്നതുമായ പ്രായമാണ് യുവത്വം. അത് കർത്താവിനു കൊടുക്കുക എന്നത് ജീവിതത്തിലെ ഏറ്റവും വലിയ ഭാഗ്യമാണ്.

രാഷ്ട്രീയ സാമുദായിക സംഘടനകളും വളർച്ചയുടെ പടവുകൾ ചവിട്ടി കയറാൻ ഉപയോഗിക്കുന്നതും യുവജനങ്ങളെയാണ്. കലാലയങ്ങളിൽ നിന്നും രാഷ്ട്രീയം മാറ്റണമെന്ന് സ്നേഹബുദ്ധിയാൽ വിവിധ മേഖലകളിൽ നിന്നും സംഘടിതമായി ആവശ്യമുയർന്നിട്ടും എന്തുകൊണ്ടാണ് മാറ്റാത്തത് എന്ന് നാം ചിന്തിക്കണം. കാരണം, കൊള്ളാനും കൊടുക്കാനും, കൊല്ലാനും ചാകാനും തയ്യാറുള്ള യുവതിയുവാക്കളെ കൂടാതെ ഇവിടത്തെ രാഷ്ട്രീയക്കാർക്ക് വളരാനാവില്ലെന്ന് അവർക്ക് അറിയാം. കാലത്തിന്റെ ചുവരെഴുത്തുകൾ നാം വായിക്കണം. ദൈവത്തിന്റെ വലിയ കൃപയാൽ രക്ഷാനിർണയം പ്രാപിച്ചവരും കൃപാവരങ്ങളുമുള്ളവരും, പ്രായോഗിക സാധ്യതകളുമുള്ളവരും ആയ നിരവധി യുവതി - യുവാക്കളെ നമ്മുടെ

സഭകളിൽ കർത്താവ് ദാനം ചെയ്തിട്ടുണ്ട്. സഭയ്ക്കു അവരോടും അവർക്കു സഭയോടും ഉണ്ടാകേണ്ട മനോഭാവമാണ് പ്രധാനവിഷയം. സാത്താനും അവന്റെ അനുചരൻമാരും ചെറുപ്പക്കാരെ തെരുവിലിറക്കി അവരെ തകർത്തുതരിപ്പണമാക്കുന്നു.

ആധുനിക ലോകത്തിന്റെ  മായാവലയത്തിൽ അകപ്പെടാതിരിക്കാൻ യുവത്വം ദൈവത്തോടും സഭയോടും ചേർന്ന് നിൽക്കണം. യുവ വിശ്വാസികൾ സഭയിലെ സന്ദർശകരും കാഴ്ചക്കാരും ആകരുത്. യുവജനങ്ങൾ ദൈവത്തിന്റെ വലിയ പദ്ധതിയുടെ ഭാഗമാണെന്ന് ഓർക്കണം. മറ്റാർക്കും ചെയ്യാൻ കഴിയാത്ത കാര്യങ്ങൾ നിങ്ങളെക്കൊണ്ട് ചെയ്യിപ്പിക്കാൻ ദൈവം ആഗ്രഹിക്കുന്നുണ്ട്. ദൈവം വിളിക്കുകയും നിയമിക്കപ്പെട്ട പ്രവൃത്തിക്കാരി തിരഞ്ഞെടുപ്പെട്ടവരുമായവർ തങ്ങളുടെ കൃപാവരങ്ങൾ അറിഞ്ഞ് സഭയുടെ ആത്മീയ വർദ്ധനവിനായി അതുപയോഗിക്കുകയും വേണം. അങ്ങനെയുള്ളവരുടെ ശുശ്രൂഷകളെ സഭ അറിയുകയും പ്രോത്സാഹിപ്പിക്കുകയും വേണം.

“അപ്രകാരം യുവാക്കന്മാരെ, നിങ്ങൾ ശ്രേഷ്ഠന്മാർക്ക് വിധേയരായിരിക്കുവിൻ. പരസ്പര വിനയത്തിന്റെ  അങ്കി അണിയുവിൻ. ദൈവം അഹങ്കാരികളെ എതിർക്കുകയും വിനയമുള്ളവർക്കു കൃപ നൽകുകയും ചെയ്യുന്നു. ദൈവത്തിന്റെ ശക്തമായ കരത്തിൻ കീഴിൽ നിങ്ങൾ താഴ്മയോടെ നിൽക്കുവിൻ. അവിടന്ന് തക്കസമയത്തു നിങ്ങളെ ഉയർന്നു ഉയർത്തിക്കൊള്ളും. നിങ്ങളുടെ ഉത്കണ്ഠകളെല്ലാം അവിടത്തെ ഏൽപ്പിക്കുവിൻ. അവിടന്നു നിങ്ങളുടെ കാര്യത്തിൽ ശ്രദ്ധാലുവാണ്. നിങ്ങൾ സമചിത്തതയോടെ ഉണർന്നിരിക്കുവിൻ.” (1 പത്രോസ് 5 – 5:7)

## കാർട്ടൂൺ



**എത്തിത്തൊടാൻ എത്തുകില്ല വാരിയെല്ലാണു നീ**



# മരണം

ദിനംപ്രതി നടന്നുകൊണ്ടിരിക്കുന്നതും മൂന്നക്ഷരവുമുള്ള ആ പദത്തെ ക്കുറിച്ചു കേൾക്കുമ്പോൾ തന്നെ ഭയം അരിച്ചിറങ്ങാത്തവർ വിരളമായിരിക്കും.

കാലത്തിലും അകാലത്തിലും അതു സംഭവിക്കാം.

വ്യത്യസ്ത രൂപവും ഭാവവും പൂണ്ട് മരണം.

രാജഭരണ കാലത്ത് 'തീപ്പെട്ടുപോയ' രാജാക്കന്മാരും 'നാടുനീങ്ങിയ' തമ്പുരാക്കന്മാരും ഒത്തിരി.

"കാലം" ചെയ്ത തിരുമേനിമാർക്കൊപ്പം, "ദിവംഗതനായ ബിഷപ്പുമാരും എത്രയെത്ര.....?

പൂജനീയ വ്യക്തികൾ 'നിര്യാതനാ'വുമ്പോൾ മഹനീയ വ്യക്തിത്വങ്ങൾ 'ഓർമ'യാവുകയും ചെയ്യുന്നു.

ഉയർന്ന പട്ടാള മേധാവികൾ 'വീരമൃത്യു' വരിക്കുമ്പോൾ, സാധാരണ ജവാന്മാർ 'കൊല്ലപ്പെടുന്നു.' 'മൃതി അടയുന്ന ഒരുവിഭാഗം വേറെ.

'വിട' ചൊല്ലുന്നവരും 'ഓർമയാവുന്ന' വരും ഒത്തിരി. അതൊക്കെ സിനിമാ, രാഷ്ട്രീയ......... സാഹിത്യ വഴികളിൽ അഭിരമിച്ചു 'മരിച്ച'വർ തന്നെ.

കാട്ടിലെ കടുവയും ആമയും മയിലുമൊക്കെ 'ചത്തു' പോകുമ്പോൾ............ കരി വീരനെന്നു വിശേഷിക്കപ്പെടുന്ന ആന 'ചരിയു'കയാണ്.

അതെ.... ആളുവില കല്ലുവില..........

**ജോയ് വേണാട്**

സ്വസ്തിയിലേക്കുള്ള നിങ്ങളുടെ രചനകളും പരസ്യങ്ങളും പാരിഷ് ഓഫീസിൽ എത്തിക്കുകയോ swasthieditorial@gmail.com എന്ന ഇ–മെയിലിൽ അയക്കുകയോ ചെയ്യുക.

# തിരുവചനത്തിൻ ഓമനപ്പുത്രൻ




**സമ്പൂർണ്ണ ബൈബിൾ കയ്യെഴുത്ത് പ്രതി തയ്യാറാക്കിയ മഞ്ഞുമ്മൽ ഇടവകാംഗം പെറ്റ്സൺ ഡിക്രൂസിന് കേരള ബൈബിൾ കമ്മീഷന്റെ 'ആദരം.'**

സമ്പൂർണ്ണ ബൈബിൾ സ്വന്തം കൈപ്പടയിൽ എഴുതി പൂർത്തിയാക്കിയ പെറ്റ്സൺ ഡിക്രൂസ് മഞ്ചാടിപറമ്പിൽ മഞ്ഞുമ്മൽ ഇടവകയുടെ അഭിമാനമാകുന്നു. കെസിബിസി ബൈബിൾ കമ്മീഷന്റെ ആദരം പെറ്റ്സൺ ഈയിടെ ഏറ്റുവാങ്ങുകയുണ്ടായി.

രണ്ടുവർഷം സമയം എടുത്താണ് A4 വലിപ്പത്തിൽ 5858 താളുകളിലായി വിശുദ്ധ ഗ്രന്ഥം എഴുതി പൂർണമായത്. പെറ്റ്സന്റെ ഡാഡി, പരേതനായ പോൾസൺ ഡിക്രൂസ് വാങ്ങിക്കൊടുത്ത വിശുദ്ധരുടെ ജീവചരിത്ര ചിത്രകഥകൾ പെറ്റ്സണെ മുൻപേ ആകർഷിച്ചിരുന്നു.

കോവിഡ് കാലത്തെ അടച്ചു പൂട്ടലിലാണ് പുണ്യം തികഞ്ഞ ഈ ആശയത്തിന്റെ പിറവി .മാതാവിനോടുള്ള ഭക്തി മൂലം 2020 ഓഗസ്റ്റ് 15ന് എഴുത്തു ആരംഭിക്കാൻ ഉദ്ദേശിച്ചു. എന്നാൽ പലവിധ പ്രശ്നങ്ങൾ അലട്ടി. ഒടുവിൽ 2021 ജനുവരി 26 ന് തന്റെ കൈയെഴുത്ത് പ്രതിയുടെ ആദ്യ വാചകമായി, ആദ്യ തിരുവചനം എഴുതി ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു.

അങ്ങനെ വിശുദ്ധ ഗ്രന്ഥത്തിലെ ഓരോ പുസ്തകങ്ങൾ ക്രമമനുസരിച്ച് പൂർത്തീകരിച്ചു. 151 പേനകൾ എഴുതി മഷി തീർന്നു. ലിറ്റിൽ ഫ്ളവർ പ്രസ്സിൽ പഴയ നിയമം കയ്യെഴുത്ത് പ്രതി ബൈൻഡ് ചെയ്തപ്പോൾ ഉയരം 40 സെൻറീമീറ്റർ.



എഴുതിയ കാലത്ത് കുടുംബത്തിന് പലവിധ അനുഗ്രഹങ്ങൾ ലഭിച്ചതായി മഞ്ചാടിപറമ്പിൽ കുടുംബം ഒന്നാകെ സാക്ഷ്യം നൽകുന്നു. എന്നാൽ ചില തടസ്സങ്ങൾ പെറ്റ്സണ് നേരിടേണ്ടി വന്നു. അലസത എങ്ങനെയോ വന്നുപെട്ടു. ഒരിക്കൽ കണ്ണിൽ പശ വീണ് നീറ്റലും വേദനയും. പിന്നീടൊ രിക്കൽ കാലിൽ ആസിഡ് വീണ് പൊള്ളലേറ്റു.

എന്നാൽ എല്ലാം തരണം ചെയ്യാൻ കന്യകാമാതാവ് കൃപ ചൊരിഞ്ഞു എഴുത്ത് ആവേശമായി മാറി. ലോക്ക് ഡൗൺ കാലത്ത് പകൽ എഴുതി യിരുന്നു. അടച്ചു പൂട്ടൽ പിൻവലിച്ചതോടെ രാത്രിയും പുലർച്ചെയുമായി എഴുത്ത്. കൃത്യത പാലിക്കാൻ അമ്മ ക്രിസ്റ്റീന പെന്നി ഏറെ ജാഗ്രത പുലർത്തി. എഴുതുമ്പോൾ സവിശേഷമായ ആനന്ദമാണ് മനസ്സു നിറയെ.

ഇന്നിപ്പോൾ ബൈബിൾ സന്ദർഭങ്ങൾ ഒരു ചലചിത്രത്തിലെന്ന പോലെ മനസിൽ തെളിയുന്നു. ഈശോയെ പോലെ, പ്രവാചകൻമാരടക്കം ബൈബിളിലെ വിശുദ്ധ വ്യക്തിത്വങ്ങൾ പരിചയക്കാരായി മാറി.

നന്ദി പറയാൻ നിരവധി പേരുണ്ട് അന്നത്തെ വികാരി ഫാ. ടൈറ്റസ് കാരിക്കശ്ശേരി ഒ.സി.ഡി., ലിറ്റിൽ ഫ്ളവർപ്രസ് മാനേജർ ഫാ. പോൾ നടുവിലതയ്യിൽ ഒ.സി.ഡി., ബന്ധുക്കളായ ഫാ. സെഡ്രിൻ, പരേതനായ ഫാ. ഫ്രാൻസീസ് ഡിക്രൂസ് എന്നിവർ നൽകിയ പ്രോത്സാഹനം ധൈര്യം പകർന്നു.

സമ്പൂർണ ബൈബിൾ ഇംഗ്ലീഷ് പതിപ്പിന്റെ കൈയെഴുത്ത് പ്രതി തയാറാക്കാൻ ഒരുങ്ങുകയാണ് ഇപ്പോൾ പെറ്റ്സൺ.



"മാതാപിതാക്കൾ ജപമാല ചൊല്ലു മ്പോൾ, ജപമാല മുകളിലേക്കു പിടിച്ചു മറിയത്തോടു പറയണം, ഈ കൊന്ത മണികളാൽ എന്റെ കുഞ്ഞുങ്ങളെ നിന്റെ അമലോത്ഭവ ഹൃദയത്തിൽ ബന്ധിപ്പി ക്കണമേ, അപ്പോൾ മറിയം അവരുടെ ആത്മാക്കളെ ശ്രദ്ധിച്ചു കൊള്ളും."

*വി. ലൂയിസേ ഡേ മാരിലാക്*

# അഭിനന്ദനങ്ങൾ...!



നഴ്സിംഗിൽ ഡോക്ടറേറ്റ് നേടിയ ജെയിൻ പയസ്. അമേരിക്കയിൽ ഫ്ളോറിഡയിൽ നിന്നാണ് ജെയിൻ ഈ നേട്ടം കൈവരിച്ചത്. ഫ്ളോറിഡയിൽ റാസ്മുസ്സെൻ യൂണിവേഴ്സിറ്റിയിൽ അസിസ്റ്റന്റ് പ്രൊഫസ്സർ ആയും, വെറ്ററൻസ് ഹോസ്പിറ്റലിൽ നേഴ്സ് പ്രാക്റ്റീഷനർ ആയും സേവനം അനുഷ്ഠിക്കുന്നു. അമലാംബിക യൂണിറ്റ് അംഗം പയസ് കോതാട്ടിന്റെ ഭാര്യയാണ്.

# പരിചരണത്തിന്റെ രസതന്ത്രം

**ആൻസി മരിയ ജോസഫ്**



കെമിസ്ട്രിയിൽ ബിരുദം നേടിയ ശേഷം നഴ്സിങ്ങിലേക്കുള്ള മാറ്റത്തെ കുറിച്ച് പരിചയപ്പെടുന്ന പലരും അതിശയത്തോടെ ചോദിക്കാറുണ്ട്. എന്നാൽ ഞാൻ എന്റെ ഇഷ്ട കരിയർ തന്നെയാണ് തെരഞ്ഞെടുത്തതെന്ന വിശ്വാസം എനിക്കുണ്ട്. ശുശ്രൂഷിക്കുക എന്നത് ഒരു പ്രഫഷനപ്പുറം ചാരിതാർഥ്യം നൽകുന്ന ഉദ്യോഗമാണെന്ന് ഞാൻ കരുതുന്നു. ഒരു വ്യത്യസ്തമായ കരിയർ ടേൺ എടുത്തിട്ടുണ്ടാവാം. എന്നാൽ അതിൽ സങ്കടപ്പെടാൻ ഒന്നുമില്ല. മറ്റൊരാൾക്ക് നേരിട്ടു ആശ്വാസം പകരാൻ കഴിയുന്നത് ഹെൽത് കെയർ മേഖലയിൽ മാത്രമല്ലേ. നഴ്സിങ് രണ്ടാം വർഷം ഫാർമക്കോളജി പഠിച്ചപ്പോൾ, കെമിസ്ട്രി പഠനം ഗുണം ചെയ്തു. കെമിസ്റ്റായി ഏതെങ്കിലും ഫാക്ടറിയിൽ കയറുന്നതല്ലേ നല്ലത് എന്നു ചോദിക്കുന്നവരുമുണ്ട്. എന്നാൽ നമ്മുടെ താൽപര്യവും ലക്ഷ്യവും ഒന്നാവുന്നതല്ലേ നല്ലത്.

(ഉയർന്ന മാർക്കോടെ രസതന്ത്രത്തിൽ ബിരുദം നേടിയ ശേഷം ബി എസ് സി നഴ്സിങ്ങിലും ഡിസ്റ്റിങ്ഷനോടെ വിജയം നേടിയ **ആൻസി മരിയ** ഏയ്ഞ്ചൽ ഗബ്രിയേൽ (ബി) യൂണിറ്റംഗവും കുറുപ്പും ഭാഗം ജോസഫ് – റാൻസില ദമ്പതികളുടെ മകളുമാണ്.



Congratulations

Wedding

24/8/2025

Abhishek Jude

Ann Antony

Congratulations

Wedding

7/9/2025

Emil Michael

Elizabeth Sona



അങ്ങയുടെ വചനം എന്റെ പാദത്തിനു വിളക്കും പാതയിൽ പ്രകാശവുമാണ്.

സങ്കീർത്തനങ്ങൾ 119: 105



# Wishes & Prayers on 25th Wedding Anniversary


24-09-2025

# Donal Rozario & Maggi Rozario




ആശംസകളോടെ... മക്കൾ, പേരക്കുട്ടി: ക്രിസ് ആദം സിപ്പസൻ


Happy
Feast
Rev Dr. Augustine Steejan
Kanakkassery OCD
സ്നേഹം നിറഞ്ഞ
സ്റ്റീജനച്ചന്
ഇടവക മക്കളുടെ
നാമഹേതുക തിരുനാൾ
ആശംസകൾ


Congratulations
Wedding
17/08/2025
Stalin P Joshy
Aleena Mary Antony

# യൂത്ത് സംഗമം

## CHOSEN manjummel youth gathering



## സ്നേഹസ്മരണയ്ക്ക്





**2-ാം ചരമവാർഷികം**

**വിൻസെന്റ്**
**ശീവേലി**

23-06-1953 14-11-2023

# വിജയം സമ്മാനിച്ചത് പ്രാർഥനയും പഠനവും

*നീറ്റ് അഖിലേന്ത്യ മെഡിക്കൽ പ്രവേശന പരീക്ഷയിൽ മികച്ച സ്കോറും ലാറ്റിൻ കാത്തലിക് കാറ്റഗറിയിൽ 18-ാം റാങ്കും നേടിയ ഇടവകാംഗം ആൽഡ്രിൻ ജെറാർഡ് ഉള്ളു തുറക്കുന്നു. **ആൽഡ്രിന് ഇടവകയുടെ അഭിനന്ദനങ്ങൾ...!***

**അ**ത്യുന്നതന്റെ സംരക്ഷണ പ്രാർഥനയായ 91-ാം സങ്കീർത്തനം ചൊല്ലിയാണ് ആൽഡ്രിൻ ജെറാർഡ് ഒരു ദിനം തുടങ്ങുന്നത്. ഒപ്പം അമ്മാമ്മ പഠിപ്പിച്ച പ്രാർഥനകളും. അതിനു ശേഷമായിരുന്നു പഠനം ആരംഭിച്ചിരുന്നത്. വീട്ടിലെ ശീലം പാലായിലെ, മെഡിക്കൽ എൻട്രൻസ് കോച്ചിങ് സെന്ററിലും തുടർന്നു.

ചിട്ടയായ പഠനവും പ്രാർഥനയുമാണ് അഖിലേന്ത്യ മൽസര പരീക്ഷയിൽ സ്കോർ നേടാൻ സഹായിച്ചതെന്ന് ഇടവകയുടെ അഭിമാനമായ ഈ മിടുക്കൻ ഉറച്ചു വിശ്വസിക്കുന്നു.

22 ലക്ഷം പേർ എഴുതിയ ദേശീയ പരീക്ഷയിൽ ജനറൽ മെറിറ്റിൽ 11103-ാം റാങ്ക് മികച്ച നേട്ടമാണെന്ന് അധ്യാപകർ അഭിനന്ദിച്ചപ്പോഴാണറിഞ്ഞത്.

സംസ്ഥാനത്ത് 947-ാം റാങ്കും നേടാനായി. ലാറ്റിൻ കാത്തലിക് കാറ്റഗറിയിൽ സംസ്ഥാനത്ത് 18-ാം റാങ്കും സ്വന്തമാക്കിയ ആൽഡ്രിൻ നിലവിൽ കോഴിക്കോട് മെഡിക്കൽ കോളജ് വിദ്യാർഥിയാണ്.

ഏലൂർ സെന്റ് ആൻസ് പബ്ലിക് സ്കൂളിൽ നിന്നുമാണ് പ്ലസ്ടു പാസായത്. സേക്രഡ് ഹാർട്ട് ഫാമിലി യൂണിറ്റ് കുടുംബാംഗമായ ആൽഡ്രിൻ, തണ്ടാശേരി ജെറാർഡ്-പ്രിയ ദമ്പതികളുടെ മകനാണ്. സഹോദരി നേഹ സി എ വിദ്യാർഥിനി.



*ആൽഡ്രിൻ ജെറാർഡ്*

# യൂത്ത് ക്യാമ്പ്





അബിയ സാമുവൽ
പള്ളിപ്പറമ്പിൽ

**"ഈശോ മിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ!"**

സെപ്റ്റംബർ 21–ാം തീയതി നടന്ന യൂത്ത് ക്യാമ്പ് CHOSEN നെ കുറിച്ചുള്ള എന്റെ അനുഭവങ്ങൾ ആണ് ഞാനിവിടെ പങ്കുവയ്ക്കുന്നത്. ഈ കാലഘട്ടത്തിൽ പ്രത്യേകിച്ച് യുവജനങ്ങൾ നിരീശ്വരവാദത്തിലേക്കും മയക്കുമരുന്നുകളിലേക്കും പെട്ടെന്ന് ആകർഷകരാകുന്നുണ്ട്. അതിനുള്ള പ്രധാന കാരണം യുവജനങ്ങളുടെ ഇടയിലുള്ള ആത്മീയ മൂല്യച്യുതിയാണ്. ഇത്തരം ക്യാമ്പുകൾ ഒരു പരിധിവരെ യുവജനങ്ങളെ നേരായ ദിശയിലേക്ക് വഴിനടത്താനുള്ള മാർഗദർശമായി മാറുന്നുണ്ടെന്ന് ഞാൻ ഇവിടെ ഓർമിപ്പിക്കട്ടെ. ഈ പരിപാടിയിൽ പങ്കെടുത്ത ഓരോ കൂട്ടുകാർക്കും ഒരു നവീകരണം നടന്നിട്ടുണ്ട്. കാരണം ഈ പ്രോഗ്രാമിലുടനീളം ഒരു എന്റർടെയ്ൻമെന്റ് മാത്രം ആയിരുന്നില്ല. എങ്ങനെയാണ് നമ്മൾ ദൈവവുമായി അടുക്കേണ്ടതെന്നും ആ ബന്ധം എങ്ങനെ നമുക്ക് നിലനിർത്താമെന്നും സാമൂഹിക പശ്ചാത്തലത്തിൽ നിന്ന് ഞങ്ങളെ ഓരോരുത്തരെയും ബോധ്യപ്പെടുത്തുകയുണ്ടായി. മാതാപിതാക്കന്മാരോടുള്ള മക്കളുടെ പെരുമാറ്റം, മുതിർന്നവരോടുള്ള യുവജനങ്ങളുടെ മനോഭാവം, ഒരു സമൂഹത്തിൽ എങ്ങനെ പെരുമാറണമെന്ന് ഓർമപ്പെടുത്തുകയുണ്ടായി.

ഇതിലെടുത്തു പറയേണ്ട ഒന്ന് രണ്ട് കാര്യങ്ങൾ ഉണ്ട്. കുറച്ച് സുഹൃത്തുക്കളുടെ ഹൃദയം അലിയുന്ന ജീവിതാനുഭവങ്ങൾ പങ്കുവെയ്ക്കുകയുണ്ടായി. ആ പ്രോഗ്രാമിൽ വന്ന മറ്റു സുഹൃത്തുക്കൾക്ക് അത് വലിയ രീതിയിൽ നല്ല തീരുമാനങ്ങൾ എടുക്കാൻ അവരെ സ്വാധീനിക്കുകയുണ്ടായി. ഇതിനെക്കാൾ ഒക്കെ വലിയത് ഈ പ്രോഗ്രാമിന്റെ പേര് വലിയ ആകർഷണീയമായിരുന്നു. 'CHOSEN' അതിന്റെ അർത്ഥം നമ്മൾ ഓരോരുത്തരും ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരാണ് എന്നാണ്. ഇതിന്റെ മറ്റൊരു ആകർഷണം യുവജനങ്ങളെ പെട്ടെന്ന് ആകർഷിക്കുന്ന രീതിയിലുള്ള അവതരണം ആയിരുന്നു. അതുകൊണ്ട് തന്നെയാണ് ഈ പ്രോഗ്രാ

മിൽ പങ്കെടുത്തവർ ആരും തന്നെ ഇടയിൽ നിന്ന് എഴുന്നേറ്റ് പോവാതിരുന്നത്. യുവജനങ്ങൾക്ക് വേണ്ടിയുള്ള ഇത്തരം പ്രോഗ്രാമുകളിലൂടെ ഞങ്ങളെപ്പോലെയുള്ള ആളുകൾ ദേവാലയവുമായി അടുക്കുവാൻ മുഖാന്തരമായി തീരും. ഈ പ്രോഗ്രാമിന് നേതൃത്വം നൽകിയ വികാരി ഫാ. സ്റ്റീജൻ കണക്കശ്ശേരി ഒ.സി.ഡി., സഹവികാരി ഫാ. ആൽബിൻ ഒ.സി.ഡി., കേന്ദ്രസമതി അംഗങ്ങൾക്കും, യൂത്ത് കോർഡിനേറ്റർ ജോയൽ ചേട്ടനും, മറ്റ് കാർമൽ യൂത്ത് അംഗങ്ങൾക്കും, യുവജനങ്ങളുടെ എല്ലാ പരിപാടികൾക്കും ഓടിവന്ന് അകമഴിഞ്ഞ് നിസ്വാർത്ഥ സേവനം നൽകുന്ന  നിഷ ചേച്ചിക്കും, കലാഭവൻ ബാബു മാസ്റ്റർക്കും ഈ സമയം ഹൃദയംഗമായി നന്ദി രേഖപ്പെടുത്തുന്നു. ഈ പരിപാടിയിൽ സംബന്ധിച്ച എല്ലാ കൂട്ടുകാർക്കും ഇടവകയിലെ എല്ലാ യുവജനങ്ങൾക്കും നന്ദി രേഖപ്പെടുത്തുന്നു. ഇത്തരം പ്രോഗ്രാമുകൾ ഇനിയും നമ്മുടെ ഇടവകയിൽ നടത്തുവാൻ ഇടയാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

# അനുഭവക്കുറിപ്പ്


അന്ന മരിയ

Chosen 2k25 എന്നും ഞങ്ങൾക്ക് മറക്കാനാവാത്ത ഓർമ്മകളാണ് സമ്മാനിച്ചത്. ജിത്ത് ജോർജ് നേതൃത്വം നൽകിയ ഈ പരിപാടിയിൽ പങ്കെടുത്ത ഓരോരുത്തരുടെയും മനസ്സുകളിൽ പുതുകരുത്തും ആത്മവിശ്വാസവും പകർന്നു.

ഈ പരിപാടിയുടെ പ്രത്യേകത സന്ദേശങ്ങളിൽ മാത്രം ഒതുങ്ങിയിരുന്നില്ല. തുടക്കം മുതൽ അവസാനം വരെ കളികൾ, പാട്ടുകൾ എന്നിവകൊണ്ട് നിറഞ്ഞിരുന്നു. ഇതിലൂടെ യുവതിയുവാക്കൾക്ക് സന്തോഷത്തോടെ പങ്കുചേരാനും, ടീം വർക്ക് - ന്റെ പ്രാധാന്യം മനസ്സിലാക്കാനും സൗഹൃദ ബന്ധങ്ങൾ വളർത്താനും സാധിച്ചു.

ജീവിതത്തിലെ സമ്മർദങ്ങളും വെല്ലുവിളികളും നേരിടാൻ പ്രചോദനം നൽകുകയും, സ്വപ്നങ്ങൾ കണ്ട് അത് നേടാനുള്ള ധൈര്യം വളർത്തുകയും ചെയ്തതാണ് Chosen 2k25 - ന്റെ മുഖ്യസന്ദേശം. സംഗീതത്തിന്റെ ആവേശം, കളികളുടെ നിറപുഞ്ചിരി, പ്രചോദനകരമാക്കുന്ന സന്ദേശങ്ങളുടെ കരുത്ത് എന്നിവയാൽ സമ്പന്നമാക്കിയ ഈ പരിപാടി യുവജനങ്ങളുടെ ആത്മവിശ്വാസവും ഉയർത്തിയ ഒരു പരിപാടിയായി മാറി.

# യുവത്വം



ഫ്രേയ സി.ബി.

യുവത്വം എന്നത് ജീവിതത്തിലെ, വെറുമൊരു കാലഘട്ടം മാത്രമല്ല, മറിച്ച് ഒരു വഴിത്തിരിവ് കൂടിയാണ്. നമ്മുടെ ഭാവിയെ നിർണയിക്കുന്ന സുപ്രധാന തീരുമാനങ്ങൾ സംഭവിക്കുന്നത് യുവത്വത്തിലാണ്. നമ്മുടെ ശരീരവും മനസ്സും അതിന്റെ പരമോന്നത ഊർജ്ജസ്വലതയിൽ വളർന്നുനിൽക്കുന്ന കാലഘട്ടം കൂടിയാണ് ഇത്. അതുകൊണ്ടാണ്, ഒരു രാജ്യത്തിന്റെ യുവതയെ അതിന്റെ ഏറ്റവും വലിയ സമ്പത്ത് എന്നു വിളിക്കുന്നത്.

യുവാക്കൾ എന്നത് 15 മുതൽ 35 പ്രായപരിധിവരെയുള്ള ഏതൊരാളും ആകാം. പുതിയ ഐക്യരാഷ്ട്ര കണക്കുകൾ അനുസരിച്ച് ഇത് 50 വയസ്സ് വരെ പോലും ആകാം. ഈ ഒരു കാലയളവ് ശരിയായി പ്രയോജനപ്പെടുത്തിയാൽ, നമ്മുടെ ഭാവി ജീവിതത്തെ അത് സുരക്ഷിതമാക്കും. എന്നാൽ, സാധ്യതകളോട് കൂടെ തന്നെ വീഴ്ചകളുടെ സാധ്യതകളും ഈ ഒരു കാലഘട്ടം ഒരുക്കുന്നുണ്ട്. മദ്യം, മയക്കുമരുന്ന്, സോഷ്യൽ മീഡിയ എന്നിവയോടുള്ള ആസക്തി, വിഷാദം, ആത്മഹത്യ, വഞ്ചന, കൊല എന്നിങ്ങനെ നീളുന്നു ആ ദുസ്സാധ്യതകൾ.

ഓർക്കാൻ ഒന്നേയുള്ളൂ – യുവത്വം ഒന്നേയുള്ളൂ. അതെങ്ങനെ ചെലവഴിക്കാം എന്ന് തീരുമാനിക്കുന്നത് അവർ തന്നെയാണ്. അതിന്റെ പരിണിതഫലം അനുഭവിക്കേണ്ടതും അവർ തന്നെ.

## ഇടവക വാർത്തകൾ

# ലിജിയൻ ഓഫ് മേരി വാർഷികാഘോഷം

14.09.2025 ഞായറാഴ്ച ലിജിയൻ ഓഫ് മേരിയിലെ അംഗങ്ങൾ വാർഷിക ദിനം ആഘോഷിച്ചു. അന്നേ ദിനം രാവിലെ 9 മണിയുടെ ദിവ്യബലിക്ക് നേതൃത്വം നൽകുകയുണ്ടായി.



*ലിജിയൻ ഓഫ് മേരിയിലെ അംഗങ്ങൾ വികാരി അച്ചനോടും കൊച്ചച്ചനോടുമൊപ്പം*

## സ്വർഗാരോപണ തിരുനാൾ ആഘോഷിച്ചു

ഓഗസ്റ്റ് 15-ാം തീയതി രാവിലെ 8 മണിക്ക് പരിശുദ്ധ കന്യാമറിയത്തിന്റെ സ്വർഗ്ഗാരോപണ തിരുനാൾ ദിവ്യബലി അർപ്പിച്ചു ആഘോഷിച്ചു. ബഹുമാനപ്പെട്ട വികാരി ഫാ. സ്റ്റീജൻ കണക്കശ്ശേരി ഒ.സി.ഡി. മുഖ്യകാർമികനായിരുന്നു. ഫാ. ആൽബിൻ തോമസ് ഒ.സി.ഡി., ഫാ. ജെമിൽസൺ ജോളി ഒ.സി.ഡി., ഫാ. ബോബി സേവ്യർ ഒ.സി.ഡി., വിൻസെൻഷ്യൻ സഭാംഗമായ ഫാ. ജോബി, ഫാ. കെ.ആർ. ആന്റണി ഒ.സി.ഡി. എന്നിവർ സഹകാർമികത്വം വഹിച്ചു. ഇടവകയിലെ എറണാകുളം സോഷ്യൽ സർവ്വീസ് സൊസൈറ്റി (Esss) യിലെ അംഗങ്ങളാണ് ദിവ്യബലിക്ക് നേതൃത്വം നൽകിയത്. അതിനുശേഷം ഭാരതത്തിന്റെ സ്വാതന്ത്ര്യദിനാഘോഷത്തിന്റെ ഭാഗമായി ബഹുമാനപ്പെട്ട വികാരി ഫാ. സ്റ്റീജൻ കണക്കശ്ശേരി ഒ.സി.ഡി. സ്വാതന്ത്ര്യദിന പതാക ഉയർത്തി. സ്വാതന്ത്ര്യദിന സന്ദേശവും നൽകി.

## അൽമാന അംഗങ്ങളുടെ വാർഷികം

ഓഗസ്റ്റ് 17-ാം തീയതി ഇടവകയിലെ അൽമാന അംഗങ്ങളുടെ വാർഷികദിനമായി ആഘോഷിച്ചു. രാവിലെ 9 മണിയുടെ ദിവ്യബലിക്ക് നേതൃത്വം നൽകിയത് അൽമാന അംഗങ്ങൾ ആയിരുന്നു.



*അൽമാന അംഗങ്ങൾ വികാരി അച്ചൻ, കൊച്ചച്ചൻ, കേന്ദ്രസമിതി ലീഡർ കെ. ജെ. ബെനഡിക്ട് മറ്റ് കേന്ദ്രസമിതി അംഗങ്ങൾ എന്നിവരോടൊപ്പം*

## ഭവനത്തിന്റെ തറക്കല്ലിടൽ നടത്തി

ജൂബിലി വർഷം പ്രമാണിച്ച്  സെപ്റ്റംബർ 8 പരിശുദ്ധ മാതാവിന്റെ ജനന തിരുനാൾ ദിവസം രാവിലെ 9 മണിക്ക് ഇടവകയുടെ നേതൃത്വത്തിൽ നിർമ്മിച്ചു നൽകുന്ന ഭവനത്തിന്റെ തറക്കല്ലിടൽ കർമ്മം ബഹുമാനപ്പെട്ട ഇടവക വികാരി ഫാ. സ്റ്റീജൻ കണക്കശ്ശേരി ഒ.സി.ഡി. നിർവഹിച്ചു. കേന്ദ്രസമിതി ലീഡർ കെ.ജെ. ബെനഡിക്ട്, സെക്രട്ടറി ജിനി ബാറ്റൺ, ട്രഷറർ കെ.പി. ആന്റണി എന്നിവരും മറ്റ് കേന്ദ്രസമിതി ഭാരവാഹികളും, ഭവന നിർമാണ കമ്മിറ്റി കൺവീനർ വർഗ്ഗീസ് ഏണസ്റ്റ്, സെന്റ് ജോസഫ് മാടപ്പാട്ട്



കുടുംബ യൂണിറ്റംഗങ്ങൾ, യൂണിറ്റ് ലീഡർ ബെന്നി, ഭവന നിർമാണം ഏറ്റെടുത്തിരിക്കുന്ന ഷെല്ലാർക്ക് കമ്പനി ഡയറക്ടർ ബിജു കാഞ്ഞൂക്കാരൻ എന്നിവരുൾപ്പെടെയുള്ള ഇടവക വിശ്വാസികളും ചടങ്ങിൽ പങ്കെടുത്തു.

## വല്ലാർപാടം ബസിലിക്കയിൽ ബൈബിൾ സമർപ്പണം

വല്ലാർപാടം ബസിലിക്കയിൽ സെപ്റ്റംബർ 7-ാം തീയതി ബൈബിൾ സമർപ്പണം നടത്തി. ഏകദേശം 16000-ത്തിലധികം വിശ്വാസികൾ പങ്കെടുത്ത പരിപാടിയിൽ നമ്മുടെ ഇടവകയിൽ നിന്നും നല്ല പങ്കാളിത്തം ഉണ്ടായിരുന്നു. ഏകദേശം 300-ൽപ്പരം വിശ്വാസികൾ പങ്കെടുത്തു.

## സെപ്റ്റംബർ 8 പരിശുദ്ധ മാതാവിന്റെ ജനനതിരുനാൾ



സെപ്റ്റംബർ 8-ാം തീയതി പരിശുദ്ധ അമ്മയുടെ ജനനതിരുനാൾ ആഘോഷമായി നടത്തി. വൈകിട്ട് 5.30ന് ആഘോഷമായ തിരുനാൾ ദിവ്യബലിക്ക് അഭിവന്ദ്യ മോൺസിഞ്ഞോർ റോക്കി റോബി മുഖ്യകാർമികത്വം വഹിച്ചു. ഇടവക വികാരി ഫാ. സ്റ്റീജൻ കണക്കശ്ശേരി ഒ.സി.ഡി. സഹവികാരി ഫാ. ആൽബിൻ തോമസ് ഒ.സി.ഡി., ഫാ. ആന്റണി കെ.ആർ. ഒ.സി.ഡി., സി.ആർ.സി. ഡയറക്ടർ ഫാ. അഗസ്റ്റിൻ പുതിയകുളങ്ങര ഒ.സി.ഡി., ഫാ. ബോബി സേവ്യർ ഒ.സി.ഡി., ഫാ. വിനു ജോസഫ് ഒ.സി.ഡി., ഡീക്കൻ ആൻസൻ എന്നിവർ സഹകാർമികരായിരുന്നു. 10 വയസ്സിൽ താഴെയുള്ള 300-ഓളം വരുന്ന കുഞ്ഞുമക്കളാണ് തിരുനാൾ പ്രസുദേന്തിമാരായത്. വിശ്വാസ പരിശീലന യൂണിറ്റിന്റെ ഹെഡ്മാസ്റ്റർ ആന്റണി രാജുവിന്റെ നേതൃത്വത്തിൽ അദ്ധ്യാപകരുടെ സഹകരണത്തോടെ ഈ തിരുനാൾ ആഘോഷമാക്കി മാറ്റി.

# പരിശുദ്ധ കന്യകാമറിയത്തിന്റെ തിരുസ്വരൂപ പ്രയാണം

ജൂബിലി വർഷത്തിന്റെ ഭാഗമായി പരിശുദ്ധ കന്യകാമറിയത്തിന്റെ തിരുസ്വരൂപ പ്രയാണത്തിനു ഇടവകയിൽ തുടക്കമായി. കന്യകാ മാതാവിന്റെ പിറവിത്തിരുനാൾ ദിവ്യബലിക്കു ശേഷം വികാരി ഫാ. സ്റ്റീജൻ കണക്കശ്ശേരി OCD, സഹവികാരി ഫാ. ആൽബിൻ തോമസ് OCD കേന്ദ്ര സമിതി നേതാക്കൾ എന്നിവരുടെ നേതൃത്വത്തിൽ തിരുസ്വരൂപം പ്രദക്ഷിണമായി സംവഹിച്ചു. പരിശുദ്ധ അമ്മയുടെ ഭവന സന്ദർശന പര്യടനത്തിന് തുടക്കം കുറിച്ച് ഏയ്ഞ്ചൽ യൂണിറ്റംഗങ്ങൾ മാതാവിന്റെ തിരുസ്വരൂപം ഏറ്റുവാങ്ങി. 52 ദിവസങ്ങളിലായി 52 കുടുംബ യൂണിറ്റുകൾ വഴി ഇടവകയിലെ എല്ലാ ഭവനങ്ങളിലും പരിശുദ്ധ അമ്മയുടെ തിരുസ്വരൂപ സാന്നിധ്യമറിയിക്കും വിധമാണ് പര്യടനം. ജൂബിലി വർഷത്തിന്റെ ഭാഗമായി മാതാവിന്റെ ഭവന സന്ദർശനത്തിന് മുമ്പായി വിശുദ്ധികരണത്തിനു വേണ്ടി എല്ലാ ഭവനങ്ങളും വെഞ്ചിരിക്കുണ്ടായി. മൂന്ന് ദിവസങ്ങളിലായി 52 കുടുംബ യൂണിറ്റുകളിലും വെഞ്ചിരിപ്പ് നടത്തി.

# വി. മാർക്കോസിന്റെ സുവിശേഷം

നമ്മുടെ ഇടവകയിൽ ഓഗസ്റ്റ് 31-ാം തീയതി ആണ് വിശുദ്ധ മർക്കോസിന്റെ സുവിശേഷം സ്വന്തം കൈപ്പടയിൽ എഴുതിയവർ തങ്ങളുടെ ബൈബിളുമായി വന്ന് സമർപ്പണം നടത്തിയത്. രാവിലെ 7.30-ന്റെ ദിവ്യബലിക്ക് മതബോധന അദ്ധ്യാപകരും കുട്ടികളും സമർപ്പണം നടത്തി. അതിനുശേഷം 9 മണിയുടെ ദിവ്യബലിക്ക് അല്മായർ സമർപ്പണം നടത്തി. നമ്മുടെ ഇടവകയിൽ നിന്ന് വിശ്വാസ പരിശീലന യൂണിറ്റിലെ 210 കുട്ടികൾ ഉൾപ്പെടെ 525 ഓളം വിശ്വാസികൾ വിശുദ്ധ മർക്കോസിന്റെ സുവിശേഷം പകർത്തി എഴുതുകയുണ്ടായി.

# ആദരിച്ചു

വത്തിക്കാന്റെ വേൾഡ് ഓർഗനൈസേഷൻ ഫോർ ടൂറിസത്തിന്റെ സ്ഥിരം നിരീക്ഷകനായി നിയമിതനായ മോൺ. ജെയിൻ മെന്റസ് മഞ്ഞുമ്മൽ അമലോത്ഭവ മാതാ ദേവാലയത്തിൽ 7.9.2025 ഞായറാഴ്ച 6 മണിയുടെ ദിവ്യബലി അർപ്പിച്ചു പ്രാർത്ഥിച്ചു. തുടർന്ന് ആദരിക്കുകയും ചെയ്തു.



*മോൺ. ജെയിൻ മെന്റസിനെ ആദരിച്ചപ്പോൾ*

# ഇടവക ദേവാലയത്തിലെ ജപമാല മാസാചരണം

| | |
|---|---|
| **21-10-2025 ബ്ലോക്ക് 1 ബത്‌ലഹേം നിയോഗം - ദൈവവിളിക്കുവേണ്ടി** | (അമലാംബിക, സെന്റ് ജോസഫ് ജി.എഫ്., വിമലാംബിക ബി, മദർ തെരേസ, വി. പത്താം പീയൂസ്) |
| **22-10-2025 ബ്ലോക്ക് 2 നസ്രത്ത് നിയോഗം - കുടുംബത്തിനുവേണ്ടി** | (മരിയാംബിക, ലൂർദ്ദ് മാതാ, നിർമലാംബിക ബി, നിർമലാംബിക എ, വിമലാംബിക എ.) |
| **23-10-2025 ബ്ലോക്ക് 3 ജോർദ്ദാൻ നിയോഗം - മക്കളില്ലാത്ത ദമ്പതികൾക്കുവേണ്ടി** | (ഫാത്തിമ മാതാ, കർമലമാതാ, സെന്റ് ജോൺ ഓഫ് ദി ക്രോസ്, സെന്റ് പോൾ) |
| **24-10-2025 ബ്ലോക്ക് 4 കാനാ നിയോഗം - ഭവനരഹിതർക്കുവേണ്ടി** | (ഷാരോൺ, ലിറ്റിൽ ഫ്ളവർ ബി, ലിറ്റിൽ ഫ്ളവർ എ, നല്ലിടയൻ ബി, നല്ലിടയൻ എ, സെന്റ് മേരിസ്) |
| **25-10-2025 ബ്ലോക്ക് 5 ബെത്സെയ്ദ നിയോഗം - പ്രവാസികൾക്കുവേണ്ടി** | (ഡോൺ ബോസ്കോ, ആരാധന ബി, ആരാധന എ, ഹോളി ഫാമിലി ബി, ഹോളി ഫാമിലി എ.) |
| **26-10-2025 ബ്ലോക്ക് 6 ബഥനി നിയോഗം - രോഗികൾക്കുവേണ്ടി** | (അമലോത്ഭവമാതാ, സെന്റ് ജൂഡ്, ഡൊമിനിക് സാവിയോ, ക്രൈസ്റ്റ്, സേക്രട്ട് ഹാർട്ട്) |
| **27-10-2025 ബ്ലോക്ക് 7 ജറുസലേം നിയോഗം - ലോകസമാധാനത്തിനുവേണ്ടി** | (ഏയ്ഞ്ചൽ, സെന്റ് ആന്റണി എ, ക്രൈസ്റ്റ് ദി കിംഗ് എ, ക്രൈസ്റ്റ് ദി കിംഗ് ബി, കാർമൽ എ, കാർമൽ ബി) |
| **28-10-2025 ബ്ലോക്ക് 8 ശാലോം നിയോഗം - മിഷനറിമാർക്കുവേണ്ടി** | (സെന്റ് ജോസഫ് മാടപ്പാട്ട്, സെന്റ് വിൻസെന്റ് ഡി പോൾ, ഏയ്ഞ്ചൽ ഗബ്രിയേൽ സി, ഏയ്ഞ്ചൽ ഗബ്രിയേൽ ബി, ഏയ്ഞ്ചൽ ഗബ്രിയേൽ എ, മേരിമാതാ ബി, മേരിമാതാ എ, സെന്റ് ആന്റണി ബി.) |
| **29-10-2025 ബ്ലോക്ക് 9 എമ്മാവൂസ് നിയോഗം - ലഹരിക്കടിമപ്പെട്ടവർക്കുവേണ്ടി** | (സെന്റ് ജോസഫ് ജെ.എൻ.എം., നിത്യസഹായ മാതാ, വേളാങ്കണ്ണി മാതാ, ഹോളി സ്പിരിറ്റ്, മേയ) |

**30-10-2025 കാർമൽ യൂത്ത്**
**നിയോഗം - യുവജനങ്ങൾക്കുവേണ്ടി**

**31-10-2025 ഇടവക സമൂഹം**

## യുവജന വാർത്തകൾ

# യുവജന സംഗമം – Chosen 2025



സെപ്റ്റംബർ 21–ാം തീയതി ഞായറാഴ്ച വൈകിട്ട് 3:00 മണിക്ക് ചോസൻ എന്ന പേരിൽ യുവജന സംഗമം നടന്നു. ഇടവക വികാരി ഫാദർ സ്റ്റീജൻ കണക്കശ്ശേരി OCD എല്ലാവർക്കും സ്വാഗതം പറഞ്ഞുകൊണ്ട് ടീം ലോഗോ അനാച്ഛാദനം ചെയ്തു. ജിത്ത് ജോർജ് എന്ന ഇന്റർനാഷണൽ ട്രെയിനറും സംഘവുമാണ് യുവജന സംഗമത്തിന് നേതൃത്വം നൽകിയത്. ഇടവകയിൽ നിന്നും ഏകദേശം 330 ഓളം കുട്ടികൾ ഇതിൽ പങ്കെടുത്തു. പ്രോഗ്രാമിന് അവസാനം ഈ സംഗമത്തിലെ യുവജനങ്ങൾക്ക് കരുത്ത് പകരുന്ന ബാബു സാറിനെയും നിഷ ഷൈജുവിനെയും യുവജനങ്ങൾ എല്ലാവരും കൂടി ആദരിച്ചു. അതിനുശേഷം സഹവികാരിയും യൂത്തിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ഫാ. ആൽബിൻ തോമസ് OCD എല്ലാവർക്കും നന്ദി പറഞ്ഞു. ഏകദേശം 8.30 ടെ പ്രോഗ്രാം അവസാനിച്ചു.

## വിശ്വാസ പരിശീലന യൂണിറ്റ് വാർത്തകൾ



വിശ്വാസപരിശീലന യൂണിറ്റിലെ ഓരോ ക്ലാസിലെയും മാതാപിതാക്കളുടെ കോഓർഡിനേറ്റേഴ്സ് ഒരുമിച്ച് സെപ്റ്റംബർ 7 നു ദിവ്യബലിക്ക് നേതൃത്വം നൽകി.

## വിശ്വാസ പരിശീലന യൂണിറ്റ് വാർത്തകൾ



# ഗ്രാന്റ് പാരെന്റസ് ഡേ ആഘോഷിച്ചു

ഓഗസ്റ്റ് 31-ാം തിയതി രാവിലെ 7.30 ന്റെ ദിവ്യബലിക്ക് നമ്മുടെ ഇടവകയിൽ ഗ്രാന്റ് പാരെന്റസ് ഡേ ദിനമായി ആഘോഷിച്ചു. 85 വയസ്സിന് മുകളിൽ പ്രായമുള്ള പതിനേഴോളം ഗ്രാന്റ് പാരെന്റസ് ഇതിൽ പങ്കെടുത്തു. ഇടവയിലെ ഫെയ്ത്ത് ഫോർമേഷൻ അദ്ധ്യാപകരുടെ നേതൃത്വത്തിലാണ് ഇതു സംഘടിപ്പിച്ചത്. കേന്ദ്രസമിതിയുടെ സഹകരണവും ഉണ്ടായിരുന്നു. ഗ്രാൻഡ് പാരെന്റ്സിന് സമ്മാനങ്ങളും, കുഞ്ഞുമക്കൾ കാർഡുകളും, പൂക്കളും നൽകി ആദരിച്ചു. ഇതിലൂടെ അമ്മാമ്മമാർക്കും അപ്പാപ്പന്മാർക്കും പരസ്പരം സ്നേഹം പങ്കിടുവാൻ സാധിച്ചു.





## അഭിനന്ദനങ്ങൾ...!

വിശ്വാസ പരിശീലന ക്ലാസ് 6A യിൽ പഠിക്കുന്ന Joanna Mariam Jos നും 4 A യിൽ പഠിക്കുന്ന Chris Grace Jos നും South India Karatte Championship ൽ Gold Medal ലഭിച്ചു. കാർമൽ ബി യൂണിറ്റിലെ വെള്ളേപ്പറമ്പിൽ വീട്ടിൽ ജോസ് സ്റ്റാൻലിയുടെയും സ്റ്റെഫി സി റഫേലിന്റെയും മക്കൾ ആണ് ജൊവാനയും ക്രിസും.



## നവാതിഥികൾ

1) **ഈഥൻ അലൻ ലീ**
S/o കോയ്മക്കാട് അലൻ ലി & മെൽബിൻസി
2) **അൽറിക്ക് ജിതിൻ**
S/o വെള്ളോളിൽ ജിതിൻ സെബാസ്റ്റ്യൻ & ബിസ്നി ജോസഫ്
3) **നഥാൻ**
S/o മുക്കത്ത് ക്രിസ്റ്റഫർ & ജിൻസി
4) **കരോളിൻ മരിയ കബ്രാൾ**
D/o പുളിയനത്ത് ആന്റണി ഫെർണാണ്ടോ കബ്രാൾ & മീര സെബാസ്റ്റിൻ
5) **നാദിൽ**
S/o മഠത്തിപ്പറമ്പിൽ റോജിൻ പീറ്റർ & ലിയ പോൾ
6) **ഹെയ്സൽ മരിയ മനു**
D/o കൈതാരൻ മനു ജോയ് & ആഷ്ന ഫിൻലേ
7) **ഹെസ്‌ലിൻ മരിയ മനു**
D/o കൈതാരൻ മനു ജോയ് & ആഷ്ന ഫിൻലേ
8) **സാവിയൻ സിൽവസ്റ്റർ**
S/o വയലിത്തറ ജെയ്ൻ സിൽവസ്റ്റർ & ആഫ്ന ആൽബർട്ട്

## ഒന്നായവർ

1) ചേലാട്ട് **അലൻ സി. ലാസർ** &
പുളിക്കൽ **കാവ്യ കാതറിൻ**
2) പുളിയാലിങ്കൽ **സ്റ്റാലിൻ ജോഷി** &
തൈപ്പറമ്പിൽ **അലീന മേരി ആന്റണി**
3) വാവുണ്ണിപ്പാടത്ത് **അഭിഷേക് ജൂഡ്** &
പാവനത്തറ **ആൻ ആന്റണി**



# നിത്യതയിലേക്ക്



**ഫാ. ഹെർബർട്ട് കളത്തിൽ ഒ.സി.ഡി.**



**സ്റ്റീഫൻ**
കാനപ്പിള്ളി



**ഹിലാരി**
വടശ്ശേരി



**ഹാരിയറ്റ് കൊറയ**
കുറ്റിക്കാപ്പറമ്പിൽ



**ജേക്കബ്**
തുണ്ടിപ്പറമ്പിൽ



**തോമസ്**
അന്തിക്കാട്



**അഗസ്റ്റിൻ**
അന്തിക്കാട്



**മേരി**
കാനപ്പിള്ളി



**ജോൺ റിബേര**
കണിയാത്ത്

സ്നേഹസ്മരണയ്ക്ക്





## സ്വർഗ്ഗീയ ഭവനത്തിൽ ഒരു വർഷം

# ആന്റണി താന്നിക്കാപ്പിള്ളി

22-06-1949 22-09-2024

പ്രാർത്ഥനാപൂർവ്വം

മക്കൾ, മരുമക്കൾ, ചെറുമക്കൾ

സ്നേഹസ്മരണയ്ക്ക്





## വേർപാടിന്റെ 14-ാം ചരമവാർഷികം

# ത്രേസ്യക്കുട്ടി ജോസഫ്

വേണാട്

24-11-1932 26-09-2011

# ഇടവക ബൈബിൾ സമർപ്പണം





